# മാമ്പൂക്കാലം

എം.ബി. ബാബു
mbbabumbi@gmail.com

രാമവർമത്തമ്പുരാൻ കൊച്ചി രാജ്യം ഭരിച്ചിരുന്ന കാലത്ത് ഒരു തീരുമാനമെടുത്തു. നാട്ടിൽ പാതയോരങ്ങളിൽ നിറയെ മാവു നട്ടുപിടിപ്പിക്കുക. തീരുമാനം നടപ്പാക്കും മുമ്പ് ദിവാൻ ഇടപെട്ടു. രാജാവിനോട് ദിവാൻ ചോദിച്ചു. നാട്ടിൽ മാവു നട്ടുപിടിപ്പിച്ചാൽ മാങ്ങാ മോഷണവും പെരുകും. കള്ളന്മാർക്ക് സഹായം ചെയ്യലാകില്ലേ മാവു നട്ടുപിടിപ്പിക്കൽ. ഒട്ടും ശങ്കയില്ലാതെ രാമവർമത്തമ്പുരാൻ പറഞ്ഞു -കള്ളന്മാരും എന്റെ പ്രജകളാണ്. മാവു മാത്രമല്ല, സുലഭമായി പ്ലാവും പാതയോരങ്ങളിൽ രാജാവ് നട്ടുപിടിപ്പിച്ചതായാണ് ചരിത്രം പറയുന്നത്.

ആ കാലത്തും തുടർന്നും ഭരണത്തിലുണ്ടായിരുന്ന രാജാക്കന്മാർ നട്ടുവളർത്തിയ മാവുകൾ തൃശ്ശൂരിൽ നമുക്കിന്നും കാണാം. തേക്കിൻകാട് മൈതാനത്തെ മാവുമുത്തശ്ശി മുതൽ അയ്യന്തോൾ-പുഴയ്ക്കൽ പാലംവരെ പാതയോരത്തുള്ള മാവുകൾവരെ ഇങ്ങനെ വെച്ചുപിടിപ്പിച്ചവയാണ്. ഇതിൽ സ്വാദിഷ്ഠവും പോഷകസമ്പുഷ്ടവുമായ ചന്ദ്രാക്കാരൻ ഇനമാണ് രാജാവ് വെച്ചുപിടിപ്പിച്ചവയിലേറെയും.

## പ്രകൃതിയുടെ വികൃതി

മാവു വെച്ചുപിടിപ്പിച്ചതുകൊണ്ടായില്ല. പ്രകൃതി കനിയണം. പ്രകൃതി മാവിനെ കനിയുമ്പോൾ മനുഷ്യരെ കരയിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയിൽ കൊടും ചൂടും വരൾച്ചയും വരുമ്പോഴാണ് മാവ് സമൃദ്ധമായി പൂക്കുന്നത്. അപ്പോഴാണ് ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നത്. ലോകത്തുതന്നെ ഏറ്റവും രുചികരമായ കനിയെന്ന വിശേഷണമുള്ള മാമ്പഴം രുചിക്കണമെങ്കിൽ വേനലിനെ നേരിടണമെന്നു മാത്രം. കൊടുംവേനലുണ്ടാകുമ്പോഴാണ് ഏറ്റവുമധികം മാങ്ങ ഉണ്ടാകുക.

## വെള്ളപ്പൊക്കം

കാൽ നൂറ്റാണ്ടിനിടയിലെ ഏറ്റവും വലിയ മാമ്പൂക്കാലമാണിതെന്ന് അനുഭവസ്ഥർ പറയുന്നു. ഓർമയിൽ തങ്ങിനിൽക്കുന്ന കാലത്തിനിടെ ഇത്രയും സമൃദ്ധമായ മാമ്പൂ ആരും തന്നെ കണ്ടിട്ടില്ല. ഓഗസ്റ്റിലെ വെള്ളപ്പൊക്കമാണ് ഇത്തവണ മാമ്പൂവും മാങ്ങയും സമൃദ്ധമാകുന്നതിന് കാരണമെന്നു കരുതുന്നു. വെള്ളപ്പൊക്കത്തിനുശേഷം കാലാവസ്ഥയിൽ മാറ്റം വന്നു. ഭൂഗർഭജലം പതിവില്ലാത്തവിധം താഴ്ന്നു. മാമ്പൂ വിരിയുന്നതിന് അനുകൂലമായ മഞ്ഞ് ജനുവരിയിലും ഉണ്ടായി. വേനൽ മഴ മാറിനിന്നു. മഴ പെയ്താൽ മാമ്പൂ ഒട്ടാകെ കരിഞ്ഞുപോകും. ഇപ്പോൾ വിരിഞ്ഞ മാമ്പൂക്കൾക്ക് ഇടവിട്ടുണ്ടാകുന്ന മഴ വെല്ലുവിളിയാണ്. ചൂടു കൂടിവരുകയാണ്. ഇതെല്ലാം അനുകൂലമായപ്പോൾ മാമ്പൂ കൂടുതലായി വിരിഞ്ഞു. കാറ്റായിരുന്നു മാമ്പൂക്കളുടെ അന്തകൻ. ഇക്കുറി കാറ്റും ഉണ്ടായില്ല.

## വീണ്ടും പൂക്കുന്നു

ഒരുതവണ പൂത്ത മാവുകൾ അതേവർഷംതന്നെ വീണ്ടും പൂത്തു എന്നതും വ്യത്യസ്തമായ പ്രതിഭാസമാണ്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനത്തിലേക്കും ഇനിയുണ്ടായേക്കാവുന്ന കൊടും വരൾച്ചയിലേക്കുമാണ് ഇത് വിരൽ ചൂണ്ടുന്നത്. ജില്ലയുടെ വിവിധയിടങ്ങളിൽ മാങ്ങയുടെ വിളവെടുപ്പു പൂർത്തിയാകുന്ന ഘട്ടത്തിലാണ് ചിലയിടങ്ങളിൽ പൂത്തുതുടങ്ങുന്നത്.

## മാമ്പൂസാഹിത്യം

സാഹിത്യങ്ങളിലും പാട്ടുകളിലുമെല്ലാം മാമ്പൂവിന്റെ ഗന്ധം കടന്നുവരാറുണ്ട്. കാളിദാസന്റെ മേഘസന്ദേശത്തിൽ ഒരു കുന്നുനിറയെ പൂത്തുനിൽക്കുന്ന മാവുകണ്ട് അതിനു മുകളിലെ മേഘത്തെയും ചേർത്തു നോക്കിക്കാണുന്ന ദേവഗണങ്ങളെ വർണിക്കുന്നുണ്ട്. മലയാളത്തിലും ഒട്ടേറെ സൃഷ്ടികളാണ് മാമ്പൂവുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്നത്.

തൃശ്ശൂരിന്റെ സ്വന്തം കവി വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിത ചൊല്ലാത്തവരുണ്ടാകില്ല. മാമ്പൂവിരിയുന്ന രാവുകളിൽ എന്ന ലളിതഗാനം, വാൽക്കണ്ണെഴുതിയ മകരനിലാവിൽ മാമ്പൂ മണമൊഴുകി എന്ന സിനിമാപ്പാട്ടിലും.മാമ്പൂവിനെ വർണിച്ചിട്ടുണ്ട്. പി. കുഞ്ഞിരാമൻനായരുടെ ആത്മകഥയിലും എസ്.കെ. പൊറ്റക്കാടിന്റെ നോവലുകളിലും കടന്നുവരുന്നുണ്ട് മാമ്പൂക്കാലം...മാമ്പൂ കണ്ടും മക്കളെക്കണ്ടും കൊതിക്കരുത് എന്ന പഴഞ്ചൊല്ലുവരെ മലയാളത്തിലുണ്ട്. മഴയും പുഴയും കടലും കഴിഞ്ഞാൽ മലയാള സാഹിത്യശാഖയിൽ ഏറ്റവും പ്രതിപാദിക്കുന്നത് മാവിനെപ്പറ്റിയും മാമ്പഴത്തെപ്പറ്റിയുമാണ്.

### മാമ്പൂ വിവരങ്ങൾ

- മാമ്പൂക്കുലയ്ക്ക് ഏകദേശം 45 സെന്റിമീറ്റർവരെ നീളം വരാം
- ഒരു കുലയിൽ 500 മുതൽ 6000 വരെ പൂക്കളുണ്ടാകാം
- പൂക്കളിൽ 65-70 ശതമാനം ദ്വിലിംഗ പുഷ്പങ്ങളായിരിക്കും. ബാക്കിയുള്ളവ ആൺപൂക്കളായിരിക്കും
- ദ്വിലിംഗപുഷ്പങ്ങൾ കൂടുതലുള്ള മാവുകളിൽ കായ്ഫലം കൂടും
- മാമ്പൂക്കൾ വിരിയുന്നത് രാവിലെ ആറുമുതൽ വൈകിട്ടു വരെയാണ്
- ഒരുപൂവ് പൂർണമായും വിരിയാൻ ഒരുമണിക്കൂറെടുക്കും



കാലാവസ്ഥാ വ്യതിയാനമാണ് മാവുകൾ സമൃദ്ധമായി പൂക്കാൻ കാരണം. ജലലഭ്യത കുറയുമ്പോഴാണ് മാവുകൾ വ്യാപകമായി പൂക്കുക. കേരളത്തിലെ പേമാരിക്കുശേഷം ഭൂഗർഭ ജലവിതാനം കുറഞ്ഞതും മഞ്ഞ് കൂടിയതും പൂവ് കൂടുതലുണ്ടാകാൻ കാരണമായി. നിലവിലെ ചൂടുള്ള കാലാവസ്ഥയിൽ മാവുകൾ ഒരേ സീസണിൽ വീണ്ടും പൂക്കുന്ന പ്രവണതയുണ്ട്.

**ഡോ.പി.എൻ. ഗണേശൻ**
റിട്ട. പ്രൊഫസർ, ബോട്ടണി വിഭാഗം, ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ.



തേക്കിൻകാട് മൈതാനിയിൽ നിറയെ പൂത്തുനിൽക്കുന്ന മാവുകൾ. ഒരു രാത്രിക്കാഴ്ച